ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 21.12.2025** **TIME : 12.30 PM**

### പ്രധാന വാർത്തകൾ

1. അസമിലെ നംരൂപിൽ, 12000 കോടി രൂപയുടെ അമോണിയ -യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവ്വഹിക്കും.
2. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.
3. നടനും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീനിവാസന് വിട നൽകി കേരളം; സംസ്ക്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ കണ്ടനാട്ടെ വസതിയിൽ പൂർത്തിയായി.
4. ഇന്ന് ലോക ധ്യാന ദിനം; ഹൈദരാബാദിലെ കൻഹ ശാന്തി വനത്തിൽ സംഘടിപ്പിച്ച ധ്യാന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുത്തു.
5. സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.
6. ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ടൂർണമെന്റിന്റെ ഫൈനലിൽ ടോസ് നേടിയ ഇന്ത്യ പാകിസ്ഥാനെ ബാറ്റിംഗിനയച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രധാനമന്ത്രി - അസം**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അസം സന്ദർശനം തുടരുന്നു. അസം പ്രസ്ഥാനത്തിൽ ബലിദാനികളായ 860 പേരുടെ സ്മരണ യ്ക്കായി നിർമ്മിച്ച സ്വാഹിദ് സ്മാരക ക്ഷേത്രം അദ്ദേഹം ഇന്ന് സന്ദർശിച്ചു. നംരൂപിൽ, 12000 കോടി രൂപയുടെ അമോണിയ-യൂറിയ വളം ഫാക്ടറിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവ്വഹിക്കും. പരീക്ഷ പേ ചർച്ചയോടനുബന്ധിച്ച് ബ്രഹ്മപുത്ര നദിയിലൂടെയുള്ള ക്രൂയിസ് യാത്രയ്ക്കിടെ 25 സ്കൂളുകളിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**സത്യപ്രതിജ്ഞ**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പൽ കൗൺസിലുകളിലും സത്യപ്രതിജ്ഞാ ചടങ്ങുകൾ പൂർത്തിയായി. പിന്നാലെ ഭരണസമിതികളുടെ ആദ്യ യോഗം ചേർന്നു. ആകെ 23,573 പേരാണ് തദ്ദേശ സ്ഥാപനങ്ങളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ടത്. മേയർ, ഡെപ്യൂട്ടി മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവരുടെ തെരഞ്ഞെടുപ്പ് ഡിസംബർ 26ന് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**സത്യപ്രതിജ്ഞ- തിരുവനന്തപുരം**

തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലിലേക്ക് തെരഞ്ഞെടു ക്കപ്പെട്ട പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. മുതിർന്ന അംഗമായ കെ ആർ ക്ലീറ്റസിന് കളക്ടർ അനുകുമാരിയാണ് സത്യ വാചകം ചൊല്ലിക്കൊടുത്തത്.

ബിജെപി കൗൺസിലർമാർ ശ്രീപദ്മനാഭ സ്വാമി ക്ഷേത്ര ദർശനം നടത്തിയ ശേഷമാണ് ചടങ്ങി നെത്തിയത്. ഡിസിസി ഓഫീസിൽ സംഗമിച്ച ശേഷം പദയാത്ര യായി കോൺഗ്രസ് കൗൺസില ർമാർ ചടങ്ങിനെത്തിയപ്പോൾ എൽഡിഎഫ് കൗൺസിലർമാർ നേരിട്ടാണ് കോർപ്പറേഷനിൽ എത്തിയത്. കൗൺസിൽ ഹാളി ലേക്ക് കൗൺസിലർമാർക്കൊപ്പം ഒരാൾക്കൊപ്പം മാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. മറ്റുള്ള വർക്ക് ചടങ്ങ് വീക്ഷിക്കുന്നതിന് പുറത്ത് എൽഇഡി വാൾ സജ്ജമാക്കി യിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**തെരഞ്ഞെടുപ്പ്- തൃശൂർ (ഇൻട്രോ)**

തൃശ്ശൂരിൽ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച അംഗങ്ങൾ അധികാരമേറ്റു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

**സത്യപ്രതിജ്ഞ - 1**

കണ്ണൂർ ജില്ലാ പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. വരണാധികാരിയായ ജില്ലാ കലക്ടർ മുതിർന്ന അംഗം എസ് കെ പി സക്കറിയക്ക് സത്യ വാചകം ചൊല്ലിക്കൊടുത്തു. കോഴിക്കോട് ജില്ലാ പഞ്ചായത്തംഗങ്ങളുടെ സത്യപ്രതിജ്ഞ ചടങ്ങിൽ എം പിമാരായ എം. കെ. രാഘവൻ ഷാഫി പറമ്പിൽ എന്നിവർ പങ്കെടുത്തു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തദ്ദേശ സ്ഥാപനങ്ങളുള്ള മലപ്പുറം ജില്ലയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ  സത്യപ്രതിജ്ഞ

ചെയ്തു. പാലക്കാട്ടെ ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട 2116 അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

❁❁❁❁❁❁❁❁❁❁❁❁❁

സത്യപ്രതിജ്ഞ - 2

കൊല്ലം കോർപ്പറേഷൻ കാര്യാലയത്തിൽ, മുതിർന്ന അംഗം ഉദയാ സുകുമാരന് ജില്ലാ വരണാധികാരി കൂടിയായ കളക്ടർ N. ദേവീദാസ് സത്യവാചകം ചൊല്ലിക്കൊടുത്തു. ആലപ്പുഴ ജില്ലാ പഞ്ചായത്തംഗങ്ങൾ ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്തു. ഇടുക്കി കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട 18 ജനപ്രതി നിധികളുടെ സത്യപ്രതിജ്ഞ ചടങ്ങ് പൂർത്തിയായി.

❁❁❁❁❁❁❁❁❁❁❁❁❁

വയനാട് (ഇൻട്രോ)

കഴിഞ്ഞ തവണ എൽ ഡി എഫും യുഡിഎഫും ഒപ്പത്തിനൊപ്പം നിന്ന വയനാട് ജില്ലാ പഞ്ചായത്തിൽ ഇത്തവണ യുഡിഎഫ് വ്യക്തമായ ഭൂരിപക്ഷത്തോടെ ഭരണം പിടിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

ശ്രീനിവാസൻ

മലയാളത്തിൻറെ അതുല്യ നടനും തിരക്കഥാകൃത്തും സംവിധായ കനുമായ ശ്രീനിവാസന് കണ്ണീരിൽ കുതിർന്ന അന്ത്യാഞ്ജലി. സംസ്കാര ചടങ്ങുകൾ തൃപ്പൂണിത്തുറ കണ്ടനാട്ടെ

വീട്ടുവളപ്പിൽ പൂർത്തിയായി. പൂർണ ഔദ്യോഗിക ബഹുമതികളോടെയായിരുന്നു സംസ്കാരം. എല്ലാവർക്കും നൻമകൾ മാത്രം ഉണ്ടാകട്ടെ എന്ന് എഴുതിയ ഒരു പേപ്പറും പേനയും ഭൗതിക ശരീരത്തിൽ വെച്ച ശേഷമാണ് ചിതയ്ക്ക് തീകൊളുത്തിയത്. രാവിലെ പ്രിയ നടന് അന്ത്യാഞ്ജലി അർപ്പിക്കാൻ തെന്നിന്ത്യൻ താരം സൂര്യയടക്കമുള്ള പ്രമുഖർ എത്തിയിരുന്നു. പ്രിയ നടനെ ഒരു നോക്ക് കാണാൻ ആയിരക്കണക്കിന് ആരാധകരും ഒഴുകിയെത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## ലോക ധ്യാന ദിനം

ഇന്ന് ലോക ധ്യാന ദിനം. കഴിഞ്ഞ വർഷമാണ് ഐക്യരാഷ്ട്ര സഭ ഡിസംബർ 21 'ലോക ധ്യാന ദിനം' ആയി പ്രഖ്യാപിച്ചത്. ലോക ധ്യാന ദിനത്തോടനുബന്ധിച്ച് ഹൈദരാബാദിലെ കൻഹ ശാന്തി വനത്തിൽ സംഘടിപ്പിച്ച ധ്യാന പരിപാടിയിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## സപ്ലൈകോ

സപ്ലൈകോയുടെ ക്രിസ്മസ്-പുതുവത്സര ചന്തകളുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി ജി. ആർ. അനിൽ നാളെ തിരുവനന്തപുരം നിർവഹിക്കും. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനം, കൊല്ലം ആശ്രാമം മൈതാനം പത്തനംതിട്ട റോസ് മൗണ്ട് ഓഡിറ്റോറിയം, കോട്ടയം തിരുനക്കര മൈതാനം, എറണാകുളം മറൈൻഡ്രൈവ്, തൃശ്ശൂർ തേക്കിൻകാട് മൈതാനം എന്നിവിടങ്ങളിലാണ് പ്രത്യേക ഫെയറുകൾ സംഘടിപ്പിക്കുന്നത്. പ്രമുഖ ബ്രാൻഡുകളുടെ 280ലധികം ഉൽപ്പന്നങ്ങൾക്ക് പ്രത്യേകം ഓഫറുകളും ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചു മുതൽ 50% വരെ വിലക്കുറവും നൽകും. സപ്ലൈകോ നിലവിൽ നടപ്പിലാക്കി

വരുന്ന 20 കിലോഗ്രാം അരി 25 രൂപയ്ക്ക് ഫെയറുകളിലും ലഭ്യമാകും. ക്രിസ്മസിനോട് അനുബന്ധിച്ച് ഉപഭോക്താക്കൾക്കായി പ്രത്യേക കൂപ്പണുകളും സപ്ലൈകോ ഒരുക്കിയിട്ടുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋

**വന്യജീവി ആക്രമണം -എ.കെ. ശശീന്ദ്രൻ**

വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജാഗ്രതയോടെ പ്രവർത്തിക്കുമെന്ന് വനംമന്ത്രി എ.കെ. ശശീന്ദ്രൻ. വയനാട്ടിൽ കടുവാ ആക്രമണത്തിൽ കൊല്ലപ്പെട്ട യാളുടെ കുടുംബ ത്തിന് സഹായം ഉറപ്പാക്കണമെന്ന് അദ്ദേഹം ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മരിച്ചയാളുടെ ബന്ധുക്കൾക്ക് ജോലി നൽകുന്ന കാര്യം പരിഗണനയിലുണ്ടെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളെ അറിയിച്ചു. കടുവയെ കണ്ടെത്തുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

**തീവ്ര വോട്ടർ പട്ടിക (ഇൻട്രോ)**

സംസ്ഥാനത്തെ  കരടു വോട്ടർപട്ടിക ചൊവ്വാഴ്ച പ്രസിദ്ധീകരിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

(വോയ്സ്)

❋❋❋❋❋❋❋❋❋❋❋❋❋

**ജപ്പാൻ ജ്വര പ്രതിരോധ വാക്സിൻ**

ജപ്പാൻ ജ്വര പ്രതിരോധ വാക്സിൻ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കാൻ ആരോഗ്യവകുപ്പ്. ജെൻവാക് എന്ന പേരി

ലുള്ള വാക്സിനേഷൻ നേരത്തെ തിരുവനന്തപുരം, ആലപ്പുഴ ജില്ല കളിൽ ആരംഭിച്ചിരുന്നു. ഒന്ന് മുതൽ 15 വയസ്സ് വരെയുള്ള കുട്ടി കൾക്കാണ് വാക്സിനേഷൻ നൽകുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യ കപ്പ് അണ്ടർ 19**

ദുബായിൽ നടക്കുന്ന ഏഷ്യ കപ്പ് അണ്ടർ–19 ക്രിക്കറ്റ് ടൂർണ മെന്റിന്റെ ഫൈനലിൽ ഇന്ത്യ ഇപ്പോൾ പാകിസ്ഥാനെ നേരിടുക യാണ്. ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു.

ഒടുവിൽ വിവരം കിട്ടുമ്പോൾ പാകിസ്ഥാൻ 28 ഓവറിൽ 2 വിക്കറ്റിന്റ 182 ൺസ് എന്നനിലയിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**വനിതാ ട്വന്റി - 20**

ശ്രീലങ്കയ്ക്കെതിരായ വനിതാ ട്വന്റി - 20 പരമ്പരക്ക് ഇന്ന് തുടക്കമാകും. 5 മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം ഇന്ന് രാത്രി ഏഴ് മണിക്ക് വിശാഖപട്ടണത്ത് നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ്**

ഇന്ത്യൻ സൂപ്പർക്രോസ് റേസിംഗ് ലീഗ് സീസൺ 2 ന്റെ ഫൈനൽ ഇന്ന് വൈകുന്നേരം കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടക്കും. 36 ദേശീയ, അന്തർദേശീയ റൈഡർമാർ ഉൾപ്പെടുന്ന ആറു ടീമുകൾ ഫൈനലിൽ മത്സരിക്കും. ഷോഡൗൺ ഫണ്ട്ഫ്ലോട്ട് അക്കാദമിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**തങ്ക അങ്കി - ശബരിമല**

ശബരിമല ക്ഷേത്രത്തിലെ തങ്ക അങ്കി ഘോഷയാത്രയെ വരവേൽക്കാൻ വിപുലമായ ഒരുക്കങ്ങൾ ആണ് നടക്കുന്നത്. ചെവ്വാഴ്ച്ച രാവിലെ തങ്കയങ്കി ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. 26 ന് വൈകുന്നേരം സന്നിധാനത്തെത്തിച്ചരും. തുടർന്ന് അയ്യപ്പ വിഗ്രഹ ത്തിൽ തങ്കയങ്കി ചാർത്തി ദീപാരാധന നടക്കും. 27 ന് ആണ് മണ്ഡല പൂജ നടക്കുക.

## സർഗോത്സവം 2025

സർഗോത്സവം 2025 കലാമേളക്ക് ഈ മാസം 28 മുതൽ കണ്ണൂരിൽ തുടക്കമാകും. പന്തലിന്റെ കാൽനാട്ടൽ ചടങ്ങ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിച്ചു. പട്ടികവർഗ വികസന വകുപ്പിന് കീഴിലെ മോഡൽ റസിഡ ൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കാ യാണ് സർഗോത്സവം സംഘടിപ്പിക്കുന്നത്. 22 മോഡൽ റസിഡൻ ഷ്യൽ സ്കൂളുകളിലും 120 ഹോസ്റ്റലുകളിലുമായി പഠിക്കുന്ന വിദ്യാർത്ഥികൾ വിവിധ മത്സരങ്ങളിൽ മാറ്റുരയ്ക്കും.